**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 176** **13-09-2023 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ വിദ്യാഭ്യാസരംഗത്തെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം,**<br>**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,**<br>**ശ്രീ. പി. വി. അൻവർ,**<br>**ശ്രീ. കെ. ജെ. മാക്സി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് മുൻസർക്കാരിന്റെ കാലത്തുണ്ടായ പുരോഗതി വിശദമാക്കാമോ; | (എ) | വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (ബി) | നിലവിലെ സർക്കാർ രണ്ട് വർഷക്കാലം കൊണ്ട് മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ; | (ബി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ട ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (സി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനവും സേവന നിലവാരവും മെച്ചപ്പെടുത്തുന്നതിനും, മെഡിക്കൽ കോളേജിന്റെ സമസ്ത മേഖലയിലും ഉണ്ടാവേണ്ട മാറ്റങ്ങൾ അവലോകനം ചെയ്യുന്നതിനും അക്കാദമിക്-ഗവേഷണ നിലവാരം ഉയർത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിലേയ്ക്കുമായി ക്വാളിറ്റി-ഇപ്രൂവ്മെന്റ് ഇനീഷ്യേറ്റീവ് എന്ന പദ്ധതി ആവിഷ്ക്കരിച്ചു. ഇതിനായി രണ്ട് പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ചിരുന്നു.മേൽനോട്ട സമിതിയും, നടപ്പാക്കൽ സമിതിയുമാണ് കമ്മറ്റികൾ. ഈ പദ്ധതി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വിജയകരമായി നടപ്പാക്കി വരുന്നതിനെ തുടർന്ന് ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ കൂടി ഈ പദ്ധതി ആരംഭിച്ചു. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ഡി) | മെഡിക്കൽ കോളേജുകളിൽ ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നുണ്ടോ; എങ്കിൽ ഈ രംഗത്തെ പുരോഗതി വിശദമാക്കാമോ; | (ഡി) | **ആരോഗ്യ മേഖലയിലെ പഠനങ്ങൾക്കും, ഗവേഷണങ്ങൾക്കും വളരെ വലിയ പ്രാമുഖ്യം സംസ്ഥാന സർക്കാർ നൽകി വരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അധ്യാപകരുടേയും,** |

| | | | |
|---|---|---|---|
| | | | **അനധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും പഠന, ഗവേഷണത്തിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി നടപ്പ് സാമ്പത്തിക വർഷം 2,43,94,521/- (രണ്ടു കോടി നാൽപ്പത്തിമൂന്നു ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി അഞ്ഞൂറ്റി ഇരുപത്തി ഒന്ന് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ച് വിപുലീകരിക്കുന്നത് സംസ്ഥാന സർക്കാർ തീരുമാനിക്കുകയും, ഇതിന്റെ ഭാഗമായി സംസ്ഥാന തല ഓഫീസ് സജ്ജമാക്കുന്നതിനായി അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരളത്തിൽ മികവുറ്റ രീതിയിൽ പ്രവത്തിച്ചു വരുന്ന ഗവേഷണ സ്ഥാപനങ്ങളിലെ ഗവേഷകരെ കൂടി ഉൾപ്പെടുത്തി സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ച് എക്സ്പേർട്ട് കമ്മിറ്റി വിപുലീകരിച്ച് ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചിന്റെ (ഐ.സി.എം.ആർ) മാതൃകയിൽ മത്സരാധിഷ്ഠിത ഗവേഷണ പ്രൊപ്പോസലുകൾ ക്ഷണിച്ച് അവയിൽ നിന്ന് മികച്ച പ്രൊപ്പോസലുകൾ കണ്ടെത്തി, ഗവേഷണം ചെയ്യുന്നതിനുള്ള അനുമതിയും, ഫണ്ടും നൽകുന്നതിനും, സമകാലീന പ്രസക്തമായ ആരോഗ്യ വിഷയങ്ങൾ കൂടുതൽ പഠന വിധേയമാക്കുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു.**<br><br>**ആരോഗ്യ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും, സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും സർക്കാർ ഊർജ്ജിതമായ ഇടപെടൽ നടത്തി വരുന്നു.** |
| (ഇ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ഇ) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട് |
| (എഫ്) | ദേശീയ റാങ്കിംഗിൽ സംസ്ഥാനത്തെ ഏതെങ്കിലും മെഡിക്കൽ കോളേജ് ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (എഫ്) | 2023 ലേക്കുള്ള ദേശീയ റാങ്കിംഗ് ഫ്രെയിം വർക്കിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന് 44 -ാം റാങ്ക് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**സർക്കാർ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം**

- തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി കിഫ്ബിയുടെ സഹായത്തോടെ നടത്തുന്ന 717.29 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി നല്കി.
- മാസ്റ്റർ പ്ലാനിന്റെ ഭാഗമായി 30.91 കോടിയുടെ റോഡു നവീകരണ പ്രവർത്തനങ്ങൾ, ഫ്ലൈ ഓവർ നിർമ്മാണം എന്നിവ പൂർത്തിയാക്കി ജനങ്ങൾക്കായി തുറന്നു കൊടുത്തു.
- തിരുവനന്തപുരം പ്രധാന ആശുപത്രി കെട്ടിടത്തിന്റെ എക്സ്പാൻഷനും നവീകരണവും നടത്തി.
- തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 110 കിടക്കകളുള്ള അത്യാധുനിക പോസ്റ്റ് ഓപ്പറേഷൻ വാർഡുകൾ ക്രമീകരിച്ചു.
- 25,22,00,000/- (ഇരുപത്തിയഞ്ച് കോടി ഇരുപത്തിരണ്ട് ലക്ഷം രൂപ മാത്രം) മുതൽ മുടക്കിൽ നിർമ്മിച്ച പോളിട്രോമാ കെട്ടിടത്തിന്റെ (മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക്) പ്രവർത്തനം ആരംഭിച്ചു.
- പഠന നിലവാരവും ഗവേഷണ സൗകര്യങ്ങ ളും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി മൾട്ടി ഡിസിപ്ളിനറി റിസർച്ച് ലബോറട്ടറി, വൈറൽ റിസർച്ച് & ഡയഗ്നോസ്റ്റിക് ലബോറട്ടറി, അനിമൽ ഹൗസ് തുടങ്ങിയവയുടെ പ്രവർത്തനം ആരംഭിച്ചു.
- എമർജൻസി മെഡിസിൻ സംവിധാനമൊരുക്കി നൂതന സംവിധാനങ്ങളോടുകൂടിയ അത്യാഹിത വിഭാഗം പ്രവർത്തനമാരംഭിച്ചു.
- എമർജൻസി മെഡിസിൻ മൂന്ന് പി.ജി. സീറ്റുകൾക്ക് അനുമതി ലഭ്യമാക്കി കോഴ്സ് ആരംഭിച്ചു.
- എമർജൻസി മെഡിസിൻ വിഭാഗം ശക്തിപ്പെടുത്തുന്നതിന് വേണ്ടി 106 തസ്തികകൾ അനുവദിച്ചു.
- ന്യൂറോളജി വിഭാഗത്തിൽ പക്ഷാഘാത ചികിത്സയ്ക്കായി കാത്ത് ലാബും, തീവ്ര പരിചരണ വിഭാഗവും സജ്ജമാക്കി.
- കാൻസർ രോഗികൾക്ക് നൂതന റേഡിയേഷൻ നൽകുന്ന ഉപകരണമായ 'ലിനാക് ' സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു.
- കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തി.
- ബേൺസ് (Burns) ചികിത്സാ സംവിധാനം, സ്കിൻ (Skin) ബാങ്ക് എന്നിവ വിപുലീകരിച്ചു.
- സ്പെക്ട് (SPET) സ്കാൻ സ്ഥാപിച്ചു. പെറ്റ് (PET) സ്കാൻ സ്ഥാപിക്കുന്നതിന് ബജറ്റിൽ അനുമതി നൽകി.
- തിരുവനന്തപുരം മെഡിക്കൽ കോളേജിന് കീഴിലുള്ള അർബൻ ഹെൽത്ത് സെന്റർ, പാങ്ങപ്പാറയുടെ ചെറുവക്കൽ സബ് സെന്ററിനു പുതിയ കെട്ടിടം നിർമ്മിച്ചു.
- 100 കിടക്കകളുള്ള തീവ്ര പരിചരണ വിഭാഗവും വയോജനങ്ങൾക്കു വേണ്ടി 30 ബെഡ്ഡോടു കൂടിയ ജീറിയാട്രിക്സ് വാർഡും മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിൽ സജ്ജീകരിച്ചു.
- ലാബുകളിലെല്ലാം കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്തി.
- എല്ലാ വാർഡുകളിലും കേന്ദ്രീകൃത ഓക്സിജൻ സംവിധാനം സജ്ജമാക്കി.

- ജനറ്റിക്സ്, ജെറിയാട്രിക്സ് & ക്രിട്ടിക്കൽ കെയർ മെഡിസിൻ എന്നീ ഡിപ്പാർട്ടുമെന്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു.
  - ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ പീഡിയാട്രിക്സ് വിഭാഗത്തിൽ വാർഡ് 4 ഇന്റൻസീവ് കെയർ യൂണിറ്റ്, പീഡിയാട്രിക് നെഫ്രോളജി വിഭാഗത്തിൽ 4 ഹീമോ ഡയാലിസിസ് മെഷീനുകൾ എന്നിവ ലഭ്യമാക്കി.
  - ശ്രീ. അവിട്ടം തിരുനാൾ ആശുപത്രിയിലെ പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിലേക്ക് 58 ലക്ഷം രൂപ ചിലവഴിച്ച് Foetal Echo Cardiography mechine വാങ്ങി.
  - നവീകരിച്ച പീഡിയാട്രിക്സ് കാഷ്വാലിറ്റി പ്രവർത്തനമാരംഭിച്ചു.
  - അപൂർവ രോഗമായ സ്പൈനൽ മസ്കുലാർ അട്രോഫി എന്ന രോഗ ബാധിതരായ കുട്ടികൾക്ക് മതിയായ ചികിത്സ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.
  - ശിശു സൗഹൃദ സംരക്ഷണ ആശുപത്രി എന്നതിൽ നിന്നും മാതൃ ശിശു സംരക്ഷണ സൗഹൃദ ആശുപത്രിയാക്കി മാറ്റി.
  - പുതിയ ഒ.പി ബ്ലോക്ക് പണി കഴിപ്പിച്ച് അതിൽ അത്യാധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി.
  - കാലപ്പഴക്കമുള്ള വാർഡുകൾ പുതുക്കി പണിതു.
  - രോഗികൾക്ക് ശുദ്ധമായ കുടിവെള്ളം, വൃത്തിയുള്ള ശുചി മുറികൾ, ഒ.പി ബ്ലോക്കിനു സമീപം ലഘു ഭക്ഷണശാല എന്നിവ സ്ഥാപിച്ചു.
  - പീഡിയാട്രിക്സ് വിഭാഗത്തിൽ കുട്ടികളുടെ ഡയബറ്റിക് ചികിത്സയ്ക്കായി മിഠായി ക്ളിനിക് ആരംഭിച്ചു.
  - തസ്തിക സൃഷ്ടിച്ച് നിയോനാറ്റോളജി വിഭാഗം വിപുലീകരിച്ചു.
  - പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിൽ ആവശ്യമായ തസ്തിക സൃഷ്ടിച്ച്, 8 കോടി രൂപ ചെലവിൽ കാത്ത് ലാബ് നിർമ്മിച്ച് പ്രസ്തുത വിഭാഗം വിപുലീകരിച്ചു.
  - പീഡിയാട്രിക് ന്യൂറോളജി വിഭാഗത്തിൽ പുതിയ ഇ.ഇ.ജി ലാബ്, ക്ലാസ്സ് മുറി, ഐ.സി.യു എന്നിവ നിർമ്മിച്ചു.
  - ഗൈനക് വിഭാഗത്തിൽ സ്ത്രീ സൗഹൃദം ലക്ഷ്യമിട്ട് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒ.പി ബ്ലോക്ക് പണി കഴിപ്പിച്ച് പ്രവർത്തനം ആരംഭിച്ചു.
  - ഗൈനക്കോളജി ഡിപ്പാർട്ട്മെന്റിൽ ഫീറ്റൽ മെഡിസിൻ വിഭാഗത്തിൽ 65 ലക്ഷത്തോളം വിലവരുന്ന പുതിയ High – end Ultrasound Machine സ്ഥാപിച്ചു.
  - നെഫ്രോളജി വിഭാഗത്തിലേക്ക് 59.42 ലക്ഷം രൂപ ചെലവഴിച്ച് 10 ഹീമോഡയാലിസിസ് മെഷീനുകൾ ലഭ്യമാക്കി.
  - റെസ്പിറേറ്ററി മെഡിസിൻ വിഭാഗത്തിലേക്ക് "Linear Endo Bronchial Ultrasound with specialized video scope and monitor (EBus) വാങ്ങുന്നതിനായി ആകെ 1,09,92,658/– രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി.
  - എസ്.എ.റ്റി ആശുപത്രിയെ കേന്ദ്രം Centre of Excellence ആയി ഉയർത്തി.
- കേരളത്തിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പീഡിയാട്രിക് ഗ്യാസ്ട്രോ എന്ററോളജി വിഭാഗം ആരംഭിച്ചു.
  - ക്വാളിറ്റി ഇമ്പ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് പദ്ധതിയുടെ ആദ്യ ഘട്ടമായി ഒരു പൈലറ്റ് പ്രൊജെക്ട് എന്ന നിലയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പദ്ധതി ആരംഭിക്കുകയും പദ്ധതി വിജയകരമായതിനെ തുടർന്ന് മറ്റ് ആറു മെഡിക്കൽ കോളേജുകളിൽ കൂടി വ്യാപിപ്പിച്ച് തുടർ നടപടി സ്വീകരിച്ചു വരുന്നു.
  - 2.99 കോടി ചിലവഴിച്ച് ജീവനക്കാർക്ക് പുതിയ പാർപ്പിട സമുച്ചയം നിർമ്മിച്ചു.
  - 1.70 കോടി ചിലവഴിച്ച് പുതിയ എൻഡോക്രൈനോളജി വാർഡ് നിർമ്മിച്ചു.
  - അത്യാധുനിക മോർച്ചറി സംവിധാനം പ്രാവർത്തികമാക്കി.
  - ഇ-ഹെൽത്ത് പദ്ധതി പ്രകാരം രോഗികളുടെ സൗകര്യാർത്ഥം ഒ.പി യിൽ

ടോക്കൺ സംവിധാനം ഏർപ്പെടുത്തി.

- വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ലാബുകളിലെ റിസൾട്ടുകൾ ആശുപത്രി ഡയഗ്നോസ്റ്റിക് കോംപ്ലക്സിലെ താഴത്തെ നിലയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന 'സംയോജിത ലബോറട്ടറി റിസൾട്ട് കൗണ്ടർ' സജ്ജീകരിച്ചു.
- മെഡിക്കൽ കോളേജ് ആശുപത്രി ഒ .പി ബ്ലോക്കിലേക്ക് ഇറങ്ങുന്നതിനുള്ള എളുപ്പ വഴി-സ്ലിപ് റോഡ് 3 എ യുടെ നിർമ്മാണ ജോലികൾ ഒരു കോടിയോളം രൂപ ചെലവാക്കി പൂർത്തീകരിച്ചു.
- കാൻസർ ചികിത്സക്കുപയോഗിക്കുന്ന മറ്റൊരു ആധുനിക ഉപകരണമായ ടെലി കൊബാൾട്ട് മെഷീൻ 3.58 കോടിരൂപ ചെലവിൽ റേഡിയോതെറാപ്പി വിഭാഗത്തിൽസജ്ജീകരിച്ചു.
- കാർഡിയോളജി വിഭാഗത്തിൽ 2.25 കോടിരൂപ ചെലവിൽ പുതിയ കാത്ത് ലാബും അനുബന്ധ സ്റ്റെപ് ഡൌൺ ഐ.സി.യുവും സജ്ജീകരിച്ചു.
- സി.ടി ആൻജിയോഗ്രാഫി മെഷീൻ 4.4 കോടി രൂപ ചെലവിൽ ക്യാഷ്വാൽറ്റി വിഭാഗത്തിന് സമീപം സജ്ജീകരിച്ചു.
- മെഡിക്കൽ കോളേജ് ആശുപത്രിയിൽ 2.25 കോടി ചെലവഴിച്ച് പുതുതായി വാർഡ്-27 ആരംഭിച്ചു.
- 2.50 കോടി രൂപ ചെലവിൽ വാർഡ്-7, 8 എന്നിവ ആധുനിക സൗകര്യങ്ങളോടെയും രോഗീ സൗഹൃദമായി നവീകരിച്ചു.
- ദന്തൽ-പാരാമെഡിക്കൽ വിദ്യാർഥിനികൾക്ക് ക്യാമ്പസിൽ പുതുതായി ഹോസ്റ്റൽ പണികഴിപ്പിച്ച് പ്രവർത്തന സജ്ജമാക്കി.
- MCH റീപ്രൊഡക്റ്റീവ് മെഡിസിൻ, DM എൻഡോക്രൈനോളജി, DM പീഡിയാട്രിക് ന്യൂറോളജി, DM നിയോനാറ്റോളജി, Bsc ഡയാലിസിസ് ടെക്നോളജി, MD എമർജൻസി മെഡിസിൻ എന്നീ പുതിയ കോഴ്സുകൾ ആരംഭിച്ചു.
- എമർജൻസി മെഡിസിൻ വിഭാഗം, നിയോനാറ്റോളജി, മെഡിക്കൽ ഓങ്കോളജി, ഓങ്കോപതോളജി, സർജിക്കൽ ഓങ്കോളജി എന്നീ പുതിയ വകുപ്പുകൾ ആരംഭിച്ചു
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ 3 പി.ജി സീറ്റുകൾക്ക് അനുമതി ലഭ്യമാക്കി കോഴ്സ് ആരംഭിച്ചു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 4.16 കോടി രൂപ ചെലവഴിച്ച് സർക്കാർ മേഖലയിലെ ആദ്യത്തെ ന്യൂറോ കാത്ത് ലാബ് പ്രവർത്തന സജ്ജമാക്കി. കൂടാതെ സമഗ്ര സ്ട്രോക്ക് സെന്റർ പ്രവർത്തന സജ്ജമാക്കി.
- എമർജൻസി മെഡിസിൻ സംവിധാനമൊരുക്കി നൂതന സംവിധാനങ്ങളോടുകൂടിയ അത്യാഹിത വിഭാഗം പ്രവർത്തനമാരംഭിച്ചു.
- കേരളത്തിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പീഡിയാട്രിക് ഗ്യാസ്ട്രോ വിഭാഗം ആരംഭിച്ചു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 100 ഐ.സി.യു കിടക്കകളുള്ള പ്രത്യേക ബ്ലോക്ക് സ്ഥാപിച്ചു.
- തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയിൽ നവീകരിച്ച പീഡിയാട്രിക്സ് കാഷ്വാലിറ്റി പ്രവർത്തനമാരംഭിച്ചു.

- എം.ബി.ബി.എസ് സീറ്റുകളുടെ എണ്ണം 200 – ൽ നിന്ന് 250 ആയി വർദ്ധിപ്പിച്ചു.
- എം.ഡി / എം.എസ് പി.ജി സീറ്റുകളുടെ എണ്ണം 218 ൽ നിന്ന് 248 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

**<u>സർക്കാർ, മെഡിക്കൽ കോളേജ്, കൊല്ലം</u>**

- നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭ്യമാക്കി, 100 എം.ബി.ബി.എസ് സീറ്റോടു കൂടി പാരിപ്പള്ളിയിൽ സർക്കാർ മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ചു
- മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനത്തിനായി തസ്തിക സൃഷ്ടിച്ച് 600-ഓളം ജീവനക്കാരെ നിയമിച്ചു.
- പ്രസ്തുത മെഡിക്കൽ കോളേജിന്റെ ഒ.പി, അത്യാഹിത വിഭാഗം എന്നിവയുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ ആരംഭിച്ചു.
- ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഒ.പി. രജിസ്ട്രേഷൻ കൗണ്ടർ, വെയ്റ്റിംഗ് ഏരിയ എന്നിവയുൾപ്പെടെ 4 കോടി രൂപ ചിലവഴിച്ച് നിർമ്മിച്ച പുതിയ ഒ.പി. ബ്ലോക്ക് പൂർണ്ണമായും പ്രവർത്തനസജ്ജമാക്കി.
- റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിന്  കീഴിൽ 2.5 കോടി രൂപ മുതൽ മുടക്കി ആധുനികമായ " 26 സ്ലൈസ് മൾട്ടി ഡിറ്റക്ടർ " സി.ടി സ്കാനർ സ്ഥാപിച്ചു.
- ആൻജിയോഗ്രാം ഉൾപ്പടെയുള്ള എല്ലാവിധ പരിശോധനകളും ഏറ്റവും വേഗത്തിൽ നടത്തുന്നതിനും രോഗിക്ക് എത്രയും പെട്ടെന്ന് ചികിത്സ ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു.
- 4D കളർ ഡോപ്ലർ അൾട്രാ സൌണ്ട് സ്കാനർ 64 ലക്ഷം ചിലവഴിച്ച് സജ്ജമാക്കി.
- ആധുനിക താക്കോൽ ദ്വാരശസ്ത്രക്രിയ സൗകര്യം ഒരുക്കുന്നതിനായി "എച്ച്.ഡി ലാപ്രോസ്കോപ്പിക് സിസ്റ്റം" 37.5 ലക്ഷം രൂപ ചെലവിൽ സ്ഥാപിച്ചു.
- എല്ലാ വിധ എക്സ്റേ പരിശോധനകളും ഡിജിറ്റൽ വ്യക്തതയിൽ ഏറ്റവും പെട്ടെന്ന് തന്നെ രോഗികൾക്ക് ലഭ്യമാക്കുന്നതിനായി 54 ലക്ഷം രൂപ മുതൽ മുടക്കി 500mA എക്സ്റേ മെഷീനുകളും മറ്റു അനുബന്ധ ഉപകരണങ്ങളും റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ സജ്ജമാക്കി.
- 3 എക്സ്റേ മെഷീൻ റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിലും ഒരെണ്ണം അത്യാഹിതവിഭാഗത്തിലും പ്രവർത്തനക്ഷമമാക്കി.
- സ്തനാർബുദ ചികിത്സയ്ക്കായി 32 ലക്ഷം രൂപ മുതൽ മുടക്കിൽ ഒരുമാമ്മോഗ്രാം മെഷീൻ സ്ഥാപിച്ചു.
- ആധുനിക ഡിജിറ്റൽ ഫ്ലൂറോസ്കോപ്പി മെഷീൻ 50 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.
- ഗൈനക്കോളജി വിഭാഗത്തിൽ 84 ലക്ഷം രൂപ മുതൽ മുടക്കി ഗർഭിണികൾക്ക് "അത്യാഹിത വിഭാഗവും", "ഹൈ ഡിപ്പന്റൻസി യൂണിറ്റും" പ്രവർത്തന സജ്ജമാക്കി.
- 60 ലക്ഷം രൂപ മുതൽ മുടക്കി എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ മെഡിക്കൽ ഐ.സി.യു, സർജറി, ഫീവർ, ബേൺസ്, ശ്വാസകോശ രോഗം, ശിശുരോഗം എന്നിവയുടെ ചികിത്സയ്ക്കായി 58 ബെഡ്ഡുകൾ പ്രത്യേകമായി സജ്ജീകരിച്ചു.
- 30 ലക്ഷം രൂപ മുതൽ മുടക്കി വെന്റിലേറ്ററുകൾ, മൾട്ടിപാരാമോണിറ്ററുകൾ, ഡിഫിബ്രിലേറ്റർ തുടങ്ങി ആധുനിക ജീവൻ രക്ഷാഉപകരണങ്ങൾ പ്രവർത്തന സജ്ജമാക്കി.
- 30 ലക്ഷം രൂപ മുതൽ മുടക്കിൽ അത്യാധുനിക സജ്ജീകരണങ്ങളോടെയുള്ള മോർച്ചറി ബ്ലോക്ക് പ്രവർത്തനക്ഷമമാക്കി.
- ഒരേ സമയം 2 പോസ്റ്റമോർട്ടം നടത്തുന്നതിനും 16 മൃതദേഹങ്ങൾ സൂക്ഷിക്കുന്നതിനുമുള്ള സൗകര്യങ്ങൾ മോർച്ചറി ബ്ലോക്കിൽ സജ്ജീകരിച്ചു.
- 7.3 കോടി രൂപ ചെലവഴിച്ച്  എം,ആർ.ഐ സ്കാനർ 1.5 TM സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- 10 ലക്ഷം രൂപ മുതൽ മുടക്കി അത്യാധുനിക രീതിയിലുള്ള ജിംനേഷ്യം

വിദ്യാർത്ഥികൾക്കായി പ്രവർത്തന സജ്ജമാക്കി.

- 2 കോടി രൂപ ചിലവഴിച്ച് വൃക്ക രോഗികൾക്ക് വേണ്ടി 10 ബെഡ് ഉള്ള ഡയാലിസിസ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കി.
- കൊല്ലം മെഡിക്കൽ കോളേജിൽ നഴ്സിംഗ് കോളേജ് ആരംഭിച്ചു. (ബി.എസ്.സി നഴ്സിംഗ് കോഴ്സ് തുടങ്ങുന്നതിനായി 60 സീറ്റ്)
- 8 കോടി രൂപ ചിലവിൽ കാത്ത് ലാബ് പ്രവർത്തന സജ്ജമാക്കി.
- 16 ലക്ഷം രൂപ ചിലവിൽ ശ്വാസകോശ രോഗ ചികിത്സാ വിഭാഗത്തിൽ നൂതന ചികിത്സാ സൗകര്യം ഒരുക്കുന്നതിനായി വീഡിയോ ബ്രോങ്കോസ്കോപ്പ് (Bronchoscope) സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.
- റേഡിയോഡയഗ്നോസിസ് ഡിപ്പാർട്ടുമെന്റിൽ 1.76 കോടി രൂപ ചിലവിൽ ഡിജിറ്റൽ റേഡിയോഗ്രാഫി യൂണിറ്റ് പ്രവർത്തന സജ്ജമാക്കി.
- ജീവനക്കാർക്ക് 204 ക്വാട്ടേഴ്സുകൾ താമസയോഗ്യമാക്കി.

- ഇന്ഫെക്ഷിയസ് ഡിസീസ് ബ്ലോക്ക് നിർമിക്കുന്നതിനായി 8 കോടി രൂപയുടെഭരണാനുമതി നൽകി..
- ട്രോമാ കെയർ ബ്ലോക്ക് നിർമിക്കുന്നതിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകി..
- ക്രിടിക്കൾ കെയർ ബ്ലോക്ക് നിർമിക്കുന്നതിനായി 23.75 കോടി രൂപയുടെ ഭരണാനുമതി നൽകി..
- ബയോമെഡിക്കൽവിങ്ങ്സ്ഥാപിക്കുന്നതിനായി 3 കോടി രൂപയുടെ ഭരണാനുമതി നൽകി..

## സർക്കാർ മെഡിക്കൽ കോളേജ്, കോന്നി

- ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി NABARD ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ആശുപത്രി കെട്ടിടം അക്കാദമിക് ബ്ലോക്ക് എന്നിവ പ്രവർത്തന സജ്ജമാക്കി.
- ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്ന അധിക നിർമ്മാണപ്രവർത്തനങ്ങളായ ഇന്റേണൽ റോഡ്, ഫയർ വാട്ടർ സമ്പ്, എസ്.റ്റി.പി, എൻട്രൻസ് ഗേറ്റ് മുതലായവ നിർമ്മിക്കുന്നതിന് 15,50,76,322/- രൂപയുടെ ഭരണാനുമതി നൽകി. ടി പ്രവർത്തി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- രണ്ടാംഘട്ട നിർമ്മാണങ്ങൾക്കായി 218 കോടി രൂപ രൂപയുടെ ഭരണാനുമതി നൽകി.01.11.2021 മുതൽ മെഡിക്കൽ കോളേജിൽ അത്യാഹിത വിഭാഗം പ്രവർത്തനം ആരംഭിച്ചു.
- അത്യാഹിത വിഭാഗത്തിന്റെ ഭാഗമായി മൈനർ ഓപ്പറേഷൻ തിയേറ്റർ പ്രവർത്തനമാരംഭിച്ചു.
- മെഡിക്കൽ കോളേജിൽ 'ഒ.പിയും ഐ.പിയും' ആരംഭിച്ചു.
- 30 ബെഡ്ഡിനുള്ള ഓക്സിജൻ സംവിധാനം കാഷ്വാലിറ്റിയിൽ ലഭ്യമാക്കി.
- ഓക്സിജൻ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കി.
- 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബ് സൗകര്യം ഒരുക്കി.
- 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫാർമസി സൗകര്യം ഒരുക്കി.
- ആശുപത്രിയുടെ സുഗമമായ നടത്തിപ്പിന് ആശുപത്രി വികസന സമിതി (HDS) രൂപീകരിക്കുന്നതിന് അനുമതി നൽകി.
- 5 കോടി രൂപ മുതൽ മുടക്കി റേഡിയോഡയഗ്നോസിസ് വിഭാഗത്തിൽ "128

സ്ലൈഡ് സി റ്റി സ്കാൻ" സ്ഥാപിച്ചു.

- അൾട്രാ സൗണ്ട് സ്കാൻ സ്ഥാപിച്ചു.
- കാരുണ്യ മെഡിക്കൽ സ്റ്റോർ ആരംഭിച്ചു.
- ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് സ്ഥാപിച്ചു.
- 10 നിലകളുള്ള ക്വാർട്ടേഴ്സിന്റെ നിർമ്മാണം ആരംഭിച്ചു.
- ബോയ്സ് ഹോസ്റ്റലിന്റെയും ലേഡീസ് ഹോസ്റ്റലിന്റെയും നിർമ്മാണം പൂർത്തീകരിച്ചു.
- 7 ലക്ഷം രൂപ ചെലവഴിച്ച് ഒഫ്ത്താൽമോളജി വിഭാഗത്തിൽ ഇലക്ട്രോ ഹൈഡ്രോളിക് ഓപ്പറേറ്റിംഗ് ടേബിൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.
- 70 ലക്ഷം രൂപ ചെലവഴിച്ച് മോഡുലാർ ഓപ്പറേഷൻ തിയേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.
- 12.98 ലക്ഷം രൂപ ചെലവഴിച്ച് ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ് വിത്ത് ഒബ്സർവൻസ് ക്യാമറയും വീഡിയോയും സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. ആധുനിക രീതിയിലുള്ള ലേബർ റൂം നിർമ്മിക്കുന്നതിന് 3.5 കോടി രൂപയുടെ "ലക്ഷ്യ പദ്ധതിക്ക്" അനുമതി ലഭ്യമാക്കി.
- ലൈബ്രറി ബുക്കുകൾ, ക്ലാസ് റൂം, ലേബർ റൂം, ബ്ലഡ് ബാങ്ക്, മെഡിക്കൽ ഉപകരണങ്ങൾ, ഫർണിച്ചറുകൾ, മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ, ലാബ് ഉപകരണങ്ങൾ മുതലായവ ഒരുക്കുന്നതിന് 18.72 കോടി രൂപ കിഫ്ബിയിൽ നിന്നും പ്രത്യേകമായി ലഭ്യമാക്കി.
- 63.88 ലക്ഷം രൂപയുടെ എച്ച്.ഡി ലാപ്രോസ്കോപ്പിക് സിസ്റ്റം, 16 ലക്ഷം രൂപയുടെ ലാപ്രോസ്കോപ്പിക് ഹാൻഡ് ആക്സസ്സറീസ് എന്നിവ സ്ഥാപിച്ചു.
- 38.65 ലക്ഷം രൂപ ചെലവിൽ ജനറൽ സർജറി വിഭാഗത്തിലും ഓർത്തോപീഡിക്സ് വിഭാഗത്തിലും "സി.ആം ഇമേജ് ഇന്റൻസിഫയർ" സ്ഥാപിച്ചു.
- അക്കാദമിക് ബ്ലോക്കിൽ ഗ്രൗണ്ട് ഫ്ലോറിൽ അനാട്ടമി വിഭാഗം ലാബ്, അനാട്ടമി മ്യൂസിയം, ലൈബ്രറി, ലക്ചർ തിയേറ്റർ മുതലായവ സജ്ജീകരിച്ചു.
- ഫാർമക്കോളജി വിഭാഗം ലാബ്, ബയോകെമിസ്ട്രി വിഭാഗം ലാബ്, ഫിസിയോളജി ലാബ്, പത്തോളജി വിഭാഗം ലാബ് മൈക്രോബയോളജി ലക്ചർ ഹാൾ, പ്രിൻസിപ്പാളിന്റെ കാര്യാലയം, പരീക്ഷ ഹാൾ, ലക്ചർ ഹാൾ മുതലായവ സജ്ജീകരിച്ചു.
- മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് പ്രവർത്തിക്കാൻ ആവശ്യമായ ഫർണീച്ചറുകൾ, ലൈബ്രറിക്ക് ആവശ്യമായ ബുക്കുകൾ, സ്പെസിമിനുകൾ, വിദ്യാർത്ഥികളുടെ പഠനത്തിന് ആവശ്യമായ ചാർട്ടുകൾ, അനാട്ടമി വിഭാഗത്തിന് മൃതദേഹം സൂക്ഷിക്കുവാനുള്ള ടാങ്ക്, പഠനത്തിന് ആവശ്യമായ "ബോൺ സെറ്റ്", സ്കെൽട്ടനുകൾ, ലാബിന്റെ പ്രവർത്തനത്തിന് ആവശ്യമായ റീയേജന്റുകൾ മുതലായവ പൂർണ്ണമായും സജ്ജമാക്കി.
- 100 എം.ബി.ബി.എസ് സീറ്റിന് ഇന്ത്യൻ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭ്യമാക്കി ക്ലാസുകൾ ആരംഭിച്ചു.
- എം.എൽ.എ ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ മുടക്കി അൾട്രാസണ്ട് സ്കാൻ, 4 ലക്ഷം രൂപ മുടക്കി X-Ray എന്നിവ പ്രവർത്തനക്ഷമമാക്കി. അൾട്രാ സൗണ്ട് സ്കാൻ 07.10.2021 മുതൽ ആരംഭിച്ചു.

**<u>സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ</u>**

- പി.എം.എസ്.എസ്.വൈ (PMSSY) പദ്ധതി പ്രകാരം 173.18 കോടി രൂപ ചെലവിൽ സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന

സജ്ജമാക്കി.

- കൂടാതെ 18,81,72,483/- രൂപ ചെലവിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് - കം - സെൻട്രൽ ലൈബ്രറി നിർമ്മാണം പൂർത്തിയാക്കി.
- "ക്യാൻറീൻ കം ഗസ്റ്റ് റൂം" കെട്ടിടത്തിന്റെ ഒന്നാം ഘട്ട നിർമ്മാണത്തിന് ആദ്യഗഡുവായി 1,00,00,000/- രൂപ അനുവദിച്ച് നിർമ്മാണം പൂർത്തീകരിച്ചു.
- രണ്ടാം ഘട്ട നിർമ്മാണത്തിന് 1 കോടി രൂപ അനുവദിച്ചു.
- നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 30 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച O&G Block നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.
- സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറിൻറെ (STP) അറ്റകുറ്റപ്പണികൾക്കും, പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി 1,09,29,587/- (ഒരു കോടി ഒമ്പത് ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരത്തി അഞ്ഞൂറ്റി എൺപത്തിയേഴ് രൂപ മാത്രം) അനുവദിച്ച് പ്രവൃത്തി പൂർത്തീകരിച്ചു.
- പുതിയ ട്രോമാ കെയർ ബ്ലോക്കിനായി 29,47,27,454 രൂപ അനുവദിച്ചു.
- 5 കോടി രൂപയുടെ കോംപ്രിഹെൻസീവ് സ്ട്രോക്ക് സെന്ററിന് ഭരണാനുമതി നൽകി.
- ഓപ്പറേഷൻ തീയറ്ററുകളും, ഐ.സി.യു-കളും നെഗറ്റീവ് പ്രഷർ സിസ്റ്റത്തിലേക്ക് മാറ്റുന്നതിലേക്ക് 38,00,000/- രൂപ അനുവദിച്ചു.
- പാരാമെഡിക്കൽ വിദ്യാർത്ഥികൾക്കായി ലക്ചർ ഹാൾ, കോമൺ റൂം, ടോയ് ലെറ്റ് ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിലേക്ക് 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പൂർത്തീകരിച്ചു.
- 3.20 കോടി രൂപയുടെ ഓങ്കോളജി ബ്ലോക്ക് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി.
- ഫാർമസി വിഭാഗത്തിന്റെ നവീകരണത്തിനായി 45 ലക്ഷം രൂപ അനുവദിക്കുകയും, പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തു.
- ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 278.95 ലക്ഷം രൂപ മുതൽ മുടക്കി ഒ. പി. നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി.
- 3 കോടിരൂപ മുതൽ മുടക്കിൽ 180 സീറ്റിംഗ് കപ്പാസിറ്റിയിലുള്ള 2 ഗ്യാലറി ടൈപ്പ് ലക്ചർ ഹാളുകൾ നിർമ്മിച്ചു.
- പഴയ ബ്ലോക്കിൻറെ നവീകരണം 2.14 കോടി രൂപ മുതൽ മുടക്കിൽ പൂർ ത്തീകരിച്ചു.
- പോസ്റ്റ്ഗ്രാജ്വേറ്റ് വിദ്യാർത്ഥികൾക്കായുള്ള ഫ്ളാറ്റ് ടൈപ്പ് റസിഡൻഷ്യൽ ക്വാർട്ടേഴ്സ് 25 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിച്ചു.
- രോഗീസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിൻറെ ഭാഗമായി ടോയ് ലെറ്റ് ബ്ലോക്ക് നവീകരണത്തിനായി 10.6 ലക്ഷം രൂപ അനുവദിച്ചു.
- ആശുപത്രി പരിസരം സി.സി.ടീ.വി നിരീക്ഷണത്തിൽ ആക്കുന്നതിനായി 79.91 ലക്ഷം രൂപ മുതൽ മുടക്കി 160 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു.
- പാസ്സേജുകൾ നിർമ്മിക്കുന്നതിനായി 70 ലക്ഷം രൂപയും, ഡൈനിംഗ് ഏരിയ സജ്ജീകരിക്കുന്നതിനായി 3.76 ലക്ഷം രൂപയും ഉപയോഗിച്ച് പദ്ധതി നിർവ്വഹണം പൂർത്തീകരിച്ചു.
- 40 ലക്ഷം രൂപ മുതൽ മുടക്കി ക്യാമ്പസിൽ റാമ്പിന്റെ നിർമ്മാണം പൂർത്തീകരിച്ചു.
- 25 ലക്ഷം രൂപ മുതൽ മുടക്കി ശുചിമുറികൾ, സ്റ്റെപ്പുകളിലും ഹാൻഡ് റെയിൽസ് സ്ഥാപിച്ചു.
- ഓട്ടിസം സെന്ററിനായി 8.28 ലക്ഷം രൂപ അനുവദിക്കപ്പെട്ടിട്ടുണ്ട്. കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് ഓട്ടിസം ബാധിച്ച കുട്ടികളുടെ ക്ഷേമപ്രവൃത്തികൾ ഇതിലൂടെ നടന്നു വരുന്നു.
- കോവിഡ് പ്രതിരോധ പ്രവർത്തനത്തിൻറെ ഭാഗമായി 37 ലക്ഷം രൂപ മുതൽ

മുടക്കി നെഗറ്റീവ് പ്രഷർ സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്.

- 72.38 ലക്ഷം രൂപ മുതൽ മുടക്കി 'ത്രീ ഡി," "ഫോർ ഡി" എക്കോ സിസ്റ്റം കാർഡിയോ തൊറാസിക് സർജറി വിഭാഗത്തിൽ സ്ഥാപിച്ചു.
- നിദ്രാ രോഗങ്ങൾക്ക് വേണ്ടി Polysomnography ആരംഭിച്ചു.
- പുതിയ Plasmapheresis unit ആരംഭിച്ചു. ഒരു കാത്ത് ലാബ്, 2 എക്കോ മെഷീൻ, ഒരു ടി എം ടി മെഷീൻ എന്നിവ അനുവദിച്ചു.
- രോഗീ സൗഹൃദം അന്തരീക്ഷം ഉറപ്പിക്കുന്നതിനായി അനുവദിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി 33 ലക്ഷം രൂപയും, മറ്റ് ശീർഷകങ്ങളിൽ നിന്നും 12 ലക്ഷം രൂപയും ഉപയോഗിച്ച് ഓക്സിജൻ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു. 93 ഓക്സിജൻ കിടക്കളിൽ നിന്നും 923 ഓക്സിജൻ കിടക്കകളാക്കി മാറ്റിയിട്ടുണ്ട്.
- വെന്റിലേറ്റർ, മൾട്ടി പാരാമോണിറ്റർ, സെൻട്രൽ ഓക്സിജൻ സംവിധാനം എന്നിവയോടുകൂടി പൂർണ്ണമായി ശീതികരിച്ച 15 കിടക്കകളോടുകൂടിയ ഐ.സി.യു എന്നിവ നിർമ്മിച്ചു.

പ്രധാന യന്ത്ര സാമഗ്രികൾ

| | |
|---|---|
| എം.ആർ.ഐ, സ്കാനർ | 8.75 കോടി |
| സി. റ്റി. സ്കാൻ മെഷീൻ | 2.54 കോടി |
| സി. റ്റി. സിമുലേറ്റർ | 3.48 കോടി |
| എച്ച്. ഡി. യു. എസ്. ജി മെഷീൻ | 50 ലക്ഷം |
| ഇലക്ട്രോ ഫിസിയോളജി യൂണിറ്റ് | 44 ലക്ഷം |
| എക്കോമെഷീൻ | 24 ലക്ഷം |
| റ്റി. എം. റ്റി മെഷീൻ | 24 ലക്ഷം |
| സി ആം | 44 ലക്ഷം |
| പവർ ലോൺട്രി | 30 ലക്ഷം |
| ഇ.സി.എം. ഒ. മെഷീൻ | 24.88 ലക്ഷം |
| ഫുള്ളി ഓട്ടോമേറ്റഡ് ഇമ്മ്യൂണോ അസേ അനലൈസർ | 20 ലക്ഷം |
| എൻ.ഡി യാഗ്ലൈസർ | 22 ലക്ഷം |
| ഇ. എം. ജി. മെഷീൻ | 12 ലക്ഷം |
| വീഡിയോ പ്രൊസ്സസർ & ലൈറ്റ് സോഴ്സ് | 14.13 ലക്ഷം |
| ഡീപ്പ് ഫ്രീസർ | 12.62 ലക്ഷം |
| "3 ഡി" ലാപ്രോസ്കോപ്പിക് ക്യാമറ & എക്യുപ്മെന്റ് | 90 ലക്ഷം |
| "3 ഡി ," "4 ഡി. "എക്കോ മെഷീൻ | 72.38 ലക്ഷം |
| വീഡിയോ ഗ്യാസ്ട്രോ സ്കോപ്പ്, കൊളോണോ സ്കോപ്പ്<br>വീഡിയോ പ്രോസസർ ലൈറ്റ് സോഴ്സ് | 14 ലക്ഷം |
| അഡ്വാൻസ്ഡ് ഫാക്കോ എമൽസിഫിക്കേഷൻ സിസ്റ്റം | 45 ലക്ഷം |
| ഐ.സി.യു. വെൻറിലേറ്റർ | 17.7 ലക്ഷം |
| പോയിന്റ് ഓഫ് കെയർ അൾട്രാസൗണ്ട് മെഷീൻ | 9.9 ലക്ഷം |
| അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ | 11.69 ലക്ഷം |
| അൾട്രാസൗണ്ട് കളർ ഡോപ്ലർ | 14 ലക്ഷം |

- 2016-17 അദ്ധ്യയന വർഷം 2 സീറ്റുകളോടെ ഡി. എം. നെഫ്രോളജി കോഴ്സ് അനുവദിച്ചു.
- എം.ഡി. ജനറൽ മെഡിസിൻ സീറ്റുകൾ 7 -ൽ നിന്നും 16 ആയും. എം. ഡി. പിഡിയാട്രിക്സ് സീറ്റുകൾ 3-ൽ നിന്നും 9 ആയും, ഡി.എം. കാർഡിയോളജി സീറ്റുകൾ 2-ൽ നിന്നും 3-ആയും എം.എസ്. ഒ.ബി.ജി 3 നിന്നും 8-ആയും വർദ്ധിപ്പിച്ചു.
- 2019-20 അദ്ധ്യയന വർഷം ഇക്കണോമിക്കൽ വീക്കർ സെക്ഷൻ ക്വാട്ടയിൽ ഉൾപ്പെടുത്തി 25 എം.ബി.ബി.എസ്. സീറ്റുകൾ വർദ്ധിപ്പിച്ച് 150-ൽ നിന്നും 175 ആയി ഉയർത്തി.
- 11 സീറ്റുകളോടെ ബി.എസ്.സി-ഡയാലിസിസ് ടെക്നോളജി കോഴ്സ് ആരംഭിച്ചു.
- ആലപ്പുഴ മെഡിക്കൽ കോളേജിൽ PMSSY പദ്ധതി പ്രകാരം 173 കോടി രൂപ മുതൽ മുടക്കി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി 21/01/2023- ൽ ഉദ്ഘാടനം നടത്തിയിട്ടുള്ളതാണ്. സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി പ്രവർത്തനമാരംഭിച്ചു.
- 200 സൂപ്പർ സ്പെഷ്യാലിറ്റി കിടക്കകൾ 50 ഐ.സി.യു കിടക്കകൾ
- 30 കോടി രൂപയുടെ അമ്മയും കുഞ്ഞും ആശുപത്രി
- 3 കോടി രൂപ മുതൽ മുടക്കി 180 സീറ്റുകൾ കപ്പാസിറ്റിയുള്ള 2 ഗ്യാലറി ടൈപ്പ് ലക്ചർ ഹാളുകൾ നിർമ്മാണം പൂർത്തിയാക്കി ഉപയോഗ സജ്ജമായിട്ടുണ്ട്.
- പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികൾക്കായുള്ള ഫ്ലാറ്റ് ടൈപ്പ് റസിഡൻഷ്യൽ ക്വാർട്ടേഴ്സ് 25 കോടി രൂപ മുതൽ മുടക്കിൽ നിർമ്മാണം പൂർത്തിയാക്കി താമസത്തിനായി വിട്ട് നൽകി. പുതിയതായി പണിയുന്ന ആലപ്പുഴ ഗവൺമെന്റ് ദന്തൽ കോളേജിന്റെ ground floor - ന്റെ പണി പൂർത്തീകരിച്ചത്. കൂടാതെ ആലപ്പുഴ ഗവൺമെന്റ് ദന്തൽ കോളേജിന് ഒരു മൊബൈൽ ദന്തൽ വാൻ അനുവദിച്ചു.

ആലപ്പുഴ ഗവൺമെന്റ് ദന്തൽ കോളേജിന്റെ ഫേസ് 2 ന്റെ പണി ഏകദേശം പൂർത്തിയായിട്ടുണ്ട്.

## സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം

- ട്രോമാ കെയർ സംവിധാനത്തോട്ടു കൂടിയ പുതിയ അത്യാഹിത വിഭാഗം (36 കോടി) ബ്ളോക്ക് പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു.
- 27.2 കോടി മുതൽ മുടക്കിൽ 7 നിലകളിലായി നിർമ്മിച്ച ഫാർമസി കോളേജിന്റെ കെട്ടിടം പ്രവർത്തനസജ്ജമാക്കി.
- 63 ലക്ഷം രൂപയ്ക്ക് 4D എക്കോ മെഷീൻ പ്രവർത്തന സജ്ജമാക്കി.
- 37 ലക്ഷം രൂപക്ക് പോർട്ടബിൾ എക്കോ മെഷീൻ പ്രവർത്തന സജ്ജമാക്കി.
- മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF), 59.27 ലക്ഷം രൂപ മുടക്കി നിർമ്മിതി കേന്ദ്രം വഴി പുതുക്കി പണിത് പ്രവർത്തനം ആരംഭിച്ചു.
- 16.27 ലക്ഷം രൂപ മുതൽ മുടക്കിൽ നവീകരിച്ച OP ഫാർമസി നിർമ്മാണം പൂർത്തിയായി പ്രവർത്തനം ആരംഭിച്ചു.
- 20.55 ലക്ഷം രൂപ മുതൽ മുടക്കിൽ നവീകരിക്കുന്ന KASP counter നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.
- അത്യാഹിത വിഭാഗത്തിലെ മോഡ്യുലർ ഓപ്പറേഷൻ തീയേറ്റർ- 2.30 കോടി ചിലവിൽ പ്രവർത്തന സജ്ജമാക്കി
- കോട്ടയം മെഡിക്കൽ കോളേജിൽ ഡി.എസ്.എ മെഷീൻ സ്ഥാപിച്ചു.
- കോട്ടയം മെഡിക്കൽ കോളേജിൽ എം.ആർ.ഐ സ്കാൻ സ്ഥാപിച്ചു.
- കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ട്രാൻസ്

ജെൻഡർമാർക്കു മാത്രമായി ഒ.പി സംവിധാനം ആരംഭിച്ചു.

- കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ കാത്ത് ലാബ് അനുവദിച്ചു.
- കൂടാതെ രണ്ടാമത്തെ ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കുകയും ചെയ്തു.
- 2021 വർഷത്തിൽ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ എം.ഡി. അനസ്തേഷ്യ കോഴ്സിന് 7 സീറ്റ്, എം എസ് ജനറൽ സർജറി കോഴ്സിന് 2 സീറ്റ്, ഡി എം ഇൻഫെക്ഷ്യസ് ഡിസീസ് കോഴ്സിന് 2 സീറ്റ്, എം സി എച്ച് പ്ലാസ്റ്റിക് & റീ കൺസ്ട്രക്റ്റീവ് സർജറി കോഴ്സിന് 1 സീറ്റ്, എം സി എച്ച് ന്യൂറോ സർജറി കോഴ്സിന് 2 സീറ്റ്, ഡി എം ന്യൂറോളജി കോഴ്സിന് 2 സീറ്റ് എന്നിങ്ങനെ അനുമതി ലഭിച്ചു.
- കോട്ടയം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ ആരംഭിക്കുന്നതിന്റെ ഭാഗമായി 17 അധ്യാപക തസ്തിക അനുവദിച്ചു.
- 2021-22 സാമ്പത്തിക വർഷത്തിൽ രണ്ട് ലാബ് അസിസ്റ്റൻറ് (ഡയാലിസിസ്) തസ്തികകൾ സൃഷ്ടിച്ചു.
- 1 കോടി രൂപ ചെലവഴിച്ച് ഇന്റഗ്രേറ്റഡ് അനലൈസർ സ്ഥാപിച്ചു.
- ഫാർമസി ലാബ് നവീകരിച്ചു.
- മരുന്നുകൾ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ഫർമസികളിൽ എയർകണ്ടീഷൻ പൂർത്തീകരിച്ചു.
- 40 ലക്ഷം രൂപ ചെലവഴിച്ച് 7,8 വാർഡുകൾ നവീകരിച്ചു.
- കുട്ടികളുടെ ആശുപത്രിയിൽ 1 കോടി രൂപ മുടക്കി ഓക്സിജൻ ജനറേറ്റർ സ്ഥാപിച്ചു.
- മെഡിക്കൽ കോളേജിൽ സബ് സ്റ്റേഷനും പുതുതായി 1 കോടി 5 ലക്ഷം രൂപ മുടക്കി 750 കെ വി ജനറേറ്ററും സ്ഥാപിച്ചു.
- 25 ലക്ഷം രൂപ മുടക്കി നെഫ്രോളജി ലാബ് നിർമ്മിച്ചു.
- നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 36 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച 200 കിടക്കകളുള്ള കാർഡിയോളജി ബ്ലോക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് മുഖേന ചെയ്യുന്ന, 10.71 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ഇൻഫെക്ഷ്യസ് ഡിസീസസ് ഇന്സ്റ്റിട്യൂട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ടെണ്ടർ നടപടികളിലേക്ക് കടന്നിട്ടുണ്ട്.
- കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തി
- ഇന്ത്യയിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ഡി.എം. ഇൻഫെക്ഷ്യസ് ഡിസീസ് കോഴ്സ് ആരംഭിച്ചു.
- കോട്ടയം മെഡിക്കൽ കോളേജുകൾക്ക് ലക്ഷ്യ അംഗീകാരം.
- 1 കോടി രൂപ മുടക്കി 4-D എക്കോ മെഷീൻ, പോർട്ടബിൾ എക്കോ മെഷീൻ എന്നിവ പ്രവർത്തന സജ്ജമാക്കി.
- ജനറൽ സർജറി വിഭാഗത്തിൽ ലാപ്രോസ്കോപ്പി യൂണിറ്റ് സ്ഥാപിച്ചു. ലാപ്രോസ്കോപ്പിക്ക് ശസ്ത്രക്രിയകൾ സാധ്യമാക്കി.
- അത്യാഹിത വിഭാഗത്തിൽ 2.3 കോടി രൂപ ചിലവിൽ മോഡുലർ ഓപ്പറേഷൻ തീയറ്റർ പ്രവർത്തന സജ്ജമാക്കി.
- 1 കോടി രൂപ മുടക്കി ഇന്റർഗ്രേറ്റഡ് അനലൈസർ സ്ഥാപിച്ചു.
- കോട്ടയം മെഡിക്കൽ കോളേജിനു കീഴിലെ കുട്ടികളുടെ ആശുപത്രിയിൽ 1 കോടി

ത്രൂപ മുടക്കി ഓക്സിജൻ ജനറേറ്റർ സ്ഥാപിച്ചു.

- സബ്സ്റ്റേഷനും 750 കെ.വി ജനറേറ്ററും സ്ഥാപിച്ചു.
- നെഫ്രോളജി ലാബ് നിർമ്മിച്ചു.
- ഗ്യാസ്ട്രോ ഇൻററസ്റ്റൈനൽ ആൻ്റ് എച്ച്.പി.ബി സർജറിയിൽ ഫെല്ലോഷിപ്പ് പ്രോഗ്രാമിനു അനുമതി.
- കിഫ്ബിയുടെ ധനസഹായത്തോടെ 268 കോടിയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം ആരംഭിച്ചു.
- 136 കോടി ചെലവിൽ നിർമ്മിക്കുന്ന സർജിക്കൽ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.
- "(Construction of new Block for Paramedical students at Govt. Medical College, Kottayam" എന്ന പ്രവൃത്തിക്ക് 600 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.
- കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ ഡ്രഗ്ഗ് സ്റ്റോറിന്റെ 300 ലക്ഷം രൂപയുടെ നിർമ്മാണം പൂർത്തീകരിച്ചു.
- ഗവ. മെഡിക്കൽ കോളേജിൽ ഓഫ്ത്താൽമോളജി വിഭാഗത്തിലെ മോഡുലാർ തിയറ്റർ നിർമ്മാണം 1,78,20,000/- രൂപയ്ക്ക് പൂർത്തീയാക്കി പ്രവർത്തനസജ്ജമാക്കി.
- എക്സാമിനേഷൻ ഹാൾ, ലക്ചറർ ഹാൾ & ഓഡിറ്റോറിയം എന്നിവയുടെ നിർമ്മാണത്തിന് 5 കോടി രൂപയുടെ ഭരണാനുമതി നൽകി.
- കോട്ടയം മെഡിക്കൽ കോളേജിൽ ഡിപ്ലോമ ഇൻ എൻഡോസ്കോപ്പിക്ക് ടെക്നോളജി കോഴ്സ് ആരംഭിച്ചു. 4 സീറ്റ് കൂടാതെ ബി.പി.റ്റി, ബി.എസ്.സി റേഡിയോളജി, ബി.എസ്.സി റേഡിയോ തെറാപ്പി, ബി.എ.എസ്.സി.പി എന്നീ കോഴ്സുകൾ ആരംഭിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.
- കോട്ടയം ഡന്റൽ കോളേജിൽ പ്ലാൻ പദ്ധതി പ്രകാരം വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി 23,420,4586/- (ഇരുപത്തി മൂന്നു കോടി നാൽപ്പത്തി രണ്ട് ലക്ഷത്തി നാലായിരത്തി അഞ്ഞൂറ്റി എൺപത്തി ആറ് രൂപാ മാത്രം) അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ കാലയളവിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി 12 കോടി എൺപത്തിയഞ്ച് ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഈ തുകകൾ ഉപയോഗിച്ച് ആധുനിക നിലവാരത്തിലുള്ള കെട്ടിടവും നൂതന ചികിത്സാ സംവിധാനവും ആശുപത്രയിൽ ഏർപ്പെടുത്തിട്ടുണ്ട്. കൂടാതെ വിവിധ കോഴ്സുകളുടെ അംഗീകാരം നിലനിർത്താനും കഴിഞ്ഞിട്ടുണ്ട്.
- 2022 അദ്ധ്യയന വർഷത്തിൽ 15 സീറ്റോട്ടുകൂടി ഡി.എം.എൽ.ടി കോഴ്സുകൾ ആരംഭിച്ചു.
- ജി.എൻ എം (GNM) കോഴ്സിൻറെ (TSP) 20 ൽ നിന്നും 30 ആയി ഉയർത്തി.
- 2020 വർഷത്തിൽ ഇ ഡബ്ല്യു എസ് കാറ്റഗറിയിൽ 10 ശതമാനം സീറ്റ്
- വർദ്ധിപ്പിച്ചു.
- 2022 അക്കാദമിക് വർഷം മുതൽ ബി എസ് സി നഴ്സിംഗ് കോഴ്സിൻറെ സീറ്റ് 60 - ൽ നിന്ന് 80 ആയി ഉയർത്തി.

**<u>സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി</u>**

ചുവടെ ചേർക്കുംപ്രകാരമുള്ള പദ്ധതികൾക്ക് പ്രവർത്തനാനുമതി നൽകി ഇടുക്കി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം വിപുലീകരിച്ചു.

| | |
|---|---|
| അക്കാഡമിക് ബ്ലോക്ക് നിർമ്മാണം | 10 കോടി |
| ആശുപത്രി സമുച്ചയം നിർമ്മാണം | 60 കോടി |

| | |
|---|---|
| റെസിഡൻഷ്യൽ ഫെസിലിറ്റി | 92 കോടി |
| റോഡ് റീറ്റെയ്നിങ് വാൾ | 18 കോടി |

- നിലവിൽ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.
- രണ്ടാം ഘട്ടത്തിലെ ആശുപത്രി സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 90% പൂർത്തീകരിച്ചു.
- മെഡിക്കൽ കോളേജിന്റെ വികസനത്തിനായി 50 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.
- ഇടുക്കി മെഡിക്കൽ കോളേജ് അക്കാഡമിക് ബ്ലോക്ക് നിർമ്മാണം പൂർത്തീകരിച്ച് കമ്മ്യൂണിറ്റി മെഡിസിൻ, പത്തോളജി, മൈക്രോബയോളജി, ഫോറൻസിക് മെഡിസിൻ എന്നീ ഡിപ്പാർട്ടുമെൻറുകൾ പ്രവർത്തിച്ചു വരുന്നു.
- 2022-23 അക്കാദമിക് വർഷം 100 MBBS സീറ്റിലേക്കുള്ള പ്രവേശനത്തിന് നാഷണൽ മെഡിക്കൽ കമ്മീഷൻറെ അംഗീകാരം ലഭിക്കുകയും ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു.
- റെസിഡൻഷ്യൽ ഫെസിലിറ്റി നിർമ്മാണം സിവിൽ വർക്കുകൾ 90% പൂർത്തീകരിച്ചു.
- റെസിഡൻഷ്യൽ ഫെസിലിറ്റി ഇലക്ട്രിക്കൽ വർക്കുകൾക്കുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകി.
- റോഡ് & റീറ്റെയ്നിങ് വാൾ എന്നിവയ്ക്കുള്ള 18 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു
- പഠനോപകരണങ്ങൾ, ലാബ്, ഡിസക്ഷൻ ഹാൾ, ലെക്ചർ ഹാൾ, സൗകര്യങ്ങൾ ഇടുക്കി മെഡിക്കൽ കോളേജിൽ സജ്ജീകരിച്ചിട്ടുണ്ട്.
- പത്തോളജി, മൈക്രോബയോളജി, ഫാർമക്കോളജി, കമ്യൂണിറ്റി മെഡിസിൻ എന്നീ ഡിപ്പാർട്ടുമെൻറിലേക്കുള്ള ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- നവജാത ശിശുകൾക്കായുള്ള ക്ലബ് -ഫൂട്ട് -ക്ലിനിക്കിന്റെ സേവനം സൗജന്യമായി നൽകിവരുന്നു.
- രണ്ട് ലാബ് അസിസ്റ്റൻറ് (ഡയാലിസിസ്) തസ്തികകൾ സൃഷ്ടിച്ചു.
- രോഗി സൗഹൃദ ആശുപത്രി ആക്കി മാറ്റുവാനും, സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനായി നിർമ്മാണം പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരുന്നു. അശുപത്രി ബ്ലോക്ക് 1- ന്റെ നിർമാണം പൂർത്തീകരിച്ചു. ലാബുകൾ, ഒ.പി, ഐ.പി എന്നിവ പ്രവർത്തനമാരംഭിച്ചു. ആശുപത്രി ബ്ലോക്ക് ബ്ലോക്ക് 2 നിർമാണം 80% പൂർത്തികരിച്ചു. ഇടുക്കി സൗഹൃദമാക്കുന്നതിനും, ആർദ്രം മിഷൻ മുഖേന രോഗി സൗഹൃദ ആശുപത്രി ആക്കി മാറ്റുവാനും, ലാബുകൾ, ഒ.പി, ഐ.പി എന്നിവ പ്രവർത്തിച്ചു വരുന്നു. ഒ.പിയിൽ, പ്രായമായവർക്കും, സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേകമായി ഇരിപ്പിടം, കുടിവെള്ള സൗകര്യങ്ങൾ, കൂടാതെ ഹീമോഫിലിയ രോഗികൾക്ക് പ്രത്യേക ലബോറട്ടറി പരിശോധന സൗകര്യം, ' Club Foot 'ചികിത്സ ക്ലിനിക്കും, ആർദ്രംമിഷൻ ഒന്നാം ഘട്ട പദ്ധതിയിൽ നടപ്പിലാക്കി. ഇടുക്കി മെഡിക്കൽ കോളേജിനോട് - അനുബന്ധമായി നഴ്സിങ് കോളേജ് ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

**<u>സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം</u>**

- കിഫ്ബി വഴി 285 കോടി രൂപ ചിലവഴിച്ച് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് മാതൃശിശു സംരക്ഷണ വിഭാഗം എന്നിവ ഉൾപ്പെടുന്ന ആശുപത്രി

സമുച്ചയവും സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

- 8 കോടി രൂപ ചെലവഴിച്ച് കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചു.
- മാലിന്യ സംസ്കരണ പ്ലാന്റിന്റെ നവീകരണത്തിനായി 1.79 കോടിയുടെ ഭരണാനുമതി നൽകി പൂർത്തികരിച്ചു.
- 1 കോടി രൂപ ചെലവഴിച്ച് സി സി ടി വി സ്ഥാപിച്ചു.
- 1.3 കോടി രൂപ ചെലവഴിച്ച് പുതിയ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചു.
- 2 കോടി രൂപ ചെലവഴിച്ച് ഡിജിറ്റൽ റേഡിയോഗ്രാഫി & ഫ്ലൂറോസ്കോപ്പി യൂണിറ്റ് സ്ഥാപിച്ചു.
- 39.34 ലക്ഷം രൂപ ചെലവഴിച്ച് ജനറൽ സർജറി വിഭാഗത്തിലും, ഒ & ജി വിഭാഗത്തിലും High Definition Laparoscopy System സ്ഥാപിച്ചു.
- പീഡിയാട്രിക്സ് വിഭാഗത്തിൽ 9 ലക്ഷം രൂപ യുടെ പോർട്ടബിൾ അൾട്രാസൗണ്ട് മെഷീൻ സ്ഥാപിച്ചു.
- വേസ്റ്റ് മാനേജ്മെന്റിന് വേണ്ടി തുമ്പൂർമൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റിങ് യൂണിറ്റ് 16.8 ലക്ഷം രൂപ ചെലവഴിച്ച് സജ്ജീകരിച്ചു.
- 22.6 ലക്ഷം രൂപ ചെലവഴിച്ച് വേസ്റ്റ് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സജ്ജീകരിച്ചു.
- 25 കോടി രൂപ ചെലവഴിച്ച് CT, MRI, ഡിജിറ്റൽ മാമ്മോഗ്രാഫി തുടങ്ങി ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചു.
- 50 ലക്ഷം രൂപ ചെലവിൽ 20 പേ വാർഡ് മുറികൾ നവീകരിച്ചു.
- 5 കോടിരൂപ ചെലവിൽ കാർ പാർക്കിംഗ് സൗകര്യം ഉൾപ്പെടെ 4 നിലകളിലായി 14,639 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ 8 ഡോക്ടേഴ്സ് ഫാമിലി ക്വാർട്ടേഴ്സ് പണികഴിപ്പിച്ചു.
- ആശുപത്രി അത്യാഹിത വിഭാഗം 50 ലക്ഷം രൂപ ചെലവിൽ നവീകരിച്ചു.
- 52.80 ലക്ഷം രൂപ ചെലവിൽ ക്യാമ്പസിൽ ഹൈമാസ്റ്റ് വിളക്കുകൾ ഉൾപ്പെടെയുള്ള വിപുലമായ സ്ട്രീറ്റ് സംവിധാനം ഒരുക്കി.
- 11.35 കോടി രൂപ ചിലവിൽ എസ്.ടി.പി പ്ലാൻറ്റ് പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു.
- 2.85 കോടി രൂപ ചിലവിൽ 8.27 ലക്ഷം സ്ക്വയർ ഫീറ്റിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൻറെ പണികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു.
- 4 കോടി രൂപ ചിലവിൽ, Hospital Ramp facility പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.
- 40 ലക്ഷം രൂപ ചിലവിൽ സൈറ്റോളജി ലാബിന്റെ പുറകിലുള്ള റൂമിന്റെ നവീകരണം പൂർത്തീകരിച്ചു.
- 12.72 ലക്ഷം ചെലവിൽ Biomedical Waste Storage Shed ന്റെ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.
- 85 ലക്ഷം രൂപ ചിലവിൽ നിലവിലുള്ള ലൈബ്രറിയുടെ നവീകരണം NMC മാനദണ്ഡങ്ങൾക്കനുസൃതമായി പൂർത്തിയാക്കി
- 47.90 ലക്ഷം രൂപ ചിലവിൽ bed cum passenger lift at block –5 & Block 6 എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തിയായി.
- 1.5 കോടി രൂപ ചിലവിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നവീകരണ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.
- മെഡിക്കൽ റെക്കോർഡ് ലൈബ്രറിയുടെ നവീകരണ പ്രവൃത്തികൾ

പൂർത്തികരിച്ചു.

- 56.8 ലക്ഷം ചിലവിൽ മോർച്ചറി കെട്ടിടത്തിലെ ലിഫ്റ്റ് നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.
- ഓഡിറ്റോറിയത്തിൽ Audio സംവിധാനം സ്ഥാപിക്കുന്ന വർക്കുകൾ പൂർത്തികരിച്ചു.

- ഓഡിറ്റോറിയത്തിൽ video സംവിധാനം സ്ഥാപിക്കുന്ന വർക്കുകൾ പുരോഗമിച്ചുക്കൊണ്ടിരിക്കുന്നു.
- 50 ലക്ഷം രൂപ ചിലവിൽ ഡയാലിസിസ് ബ്ലോക്ക് വിപുലീകരിക്കുന്ന പദ്ധതി പൂർത്തികരിച്ചു.
- 13.21 ലക്ഷം രൂപ ചെലവിൽ ഒ.പി രജിസ്ട്രേഷൻ കൗണ്ടറിൽ ടോക്കൺ സംവിധാനം, വാർഡുകളിലെ അറിയിപ്പ് സംവിധാനം, ഐ.സി.യു യിൽ ബൈസ്റ്റാൻഡർ കോളിംഗ് സിസ്റ്റം സ്ഥാപിക്കുന്ന വർക്കുകൾ പൂർത്തികരിച്ചു..
- 56 ലക്ഷം ചിലവിൽ വനിത വിശ്രമ കേന്ദ്രം നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
- സൈറ്റോളജി ലാബ് 40.35 ലക്ഷം രൂപ ചെലവിൽ നവീകരിച്ചു.
- തിമിര ശസ്ത്രക്രിയ ആവശ്യം വരുന്നവർക്കായി നേത്രരോഗ വിഭാഗം ഓപ്പറേഷൻ തിയറ്റർ പുനരാരംഭിച്ചു.
- എച്ച്.ഐ.വി ബാധിതരായ രോഗികൾക്കായി എ.ആർ.ടി സെന്റർ ആരംഭിച്ചു.
- പ്രമേഹ ബാധിതരായ കുട്ടികൾക്ക് സൗജന്യമായി ഇൻസുലിൻ ഉൾ പ്പെടെയുള്ള ചികിത്സ ലഭ്യമാക്കുന്നതിന് മിഠായി പദ്ധതിയുടെ സാറ്റലൈറ്റർ സെന്റർ ആരംഭിച്ചു.
